




സുസ്ഥിരമായ ഒരു കാർഷിക വ്യവസ്ഥ ഉണ്ടാക്കുന്നതിനും കർഷകക്ഷേമത്തിനും ഭക്ഷ്യസുരക്ഷക്കും രാജ്യത്തിന്റെ പരമാധികാരത്തിനും വേണ്ടിയുള്ള മുന്നേറ്റമാണ് ജി.എം ഭക്ഷ്യവിളകൾക്കെതിരെയുള്ള മുന്നേറ്റങ്ങൾ

## ജി. എം. ഭക്ഷണം വേണ്ടേ വേണ്ട

# ഭക്ഷ്യസുരക്ഷക്കായുള്ള കാർഷിക മുന്നേറ്റങ്ങൾ

എസ്. ഉഷ

ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ലോകരാഷ്ട്രങ്ങൾ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. സ്വതന്ത്ര വ്യാപാരത്തിനും ഉദാരവത്കരണനയങ്ങൾക്കും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് '90കളിൽ ഓരോരോ രാജ്യങ്ങളായി അന്താരാഷ്ട്ര കരാറുകളിൽ ഏർപ്പെട്ടുതുടങ്ങിയപ്പോൾ തന്നെ ഒട്ടുവളരെ ആളുകൾ ഇത് പ്രവചിച്ചിരുന്നതാണ്. ഒരു വശത്ത് അളവില്ലാതെ, നിയന്ത്രണമില്ലാതെ ധനം കുമിഞ്ഞുകൂടുമെന്നും മറുവശത്ത് ദരിദ്രർ കൂടുതൽ ദരിദ്രരാകുമെന്നും പ്രകൃതി വിഭവങ്ങൾ അമിതമായ ചൂഷണത്തിന് വിധേയമാകുമെന്നും പ്രകൃതി വിഭവങ്ങൾ ധാരാളമുള്ള വികസ്വര അവികസിത നാളുകളെയായിരിക്കും ഇത് കൂടുതൽ ബാധിക്കുക എന്നും ഈ നാടുകളിലെ സർക്കാരുകൾക്ക് ഇത് വലിയ തലവേദന സൃഷ്ടിക്കും എന്നും അന്നവർ പറഞ്ഞു. വെറും 15 വർഷംകൊണ്ടുതന്നെ ഈ സ്വതന്ത്ര-വികസന-ഏകലോക സിദ്ധാന്തം മനുഷ്യനെ ഉന്മൂലനാശത്തിന്റെ വക്കത്തെത്തിച്ചിരിക്കുന്നു. ഇനി ഇതിൽനിന്നു കരകയറുക അത്ര എളുപ്പമല്ല. കാരണം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുകയും ജനങ്ങളുടെയിടയിൽ വിഭാഗീയത വർദ്ധിപ്പിക്കുകയും മൂല്യങ്ങൾക്ക് പ്രസക്തിയില്ലെന്ന് ഊട്ടിയുറപ്പിക്കുകയും ചെയ്തതാണ് ഈ വികസന മാതൃക ചെയ്ത ഏറ്റവും വലിയ തന്ത്രം. അതുകൊണ്ട് സർക്കാരുകളുടെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ പ്രക്രിയകൾക്ക് മങ്ങലേറ്റുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യങ്ങൾ ശക്തമായും ദുരന്തപൂർണ്ണമായും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. സാമ്പത്തിക ദാരിദ്ര്യം ഒരു യാഥാർത്ഥ്യമാണെങ്കിൽ കൂടിയും പ്രകൃതി കനിഞ്ഞരുളിയ രാജ്യമെന്ന നിലയിൽ, കോടിക്കണക്കിനു ജനങ്ങൾക്ക് പൊതുവായി പ്രകൃതി വിഭവങ്ങളെ സ്വതന്ത്രമായി ഉപയോഗിച്ച് ഒരു ജീവിതം കെട്ടിപ്പടുക്കാൻ കഴിഞ്ഞിരുന്നു. വിപണി 'സ്വതന്ത്ര'മായ '90'കൾ മുതൽ കുടിവെള്ളത്തിനു വരെ വില നൽകേണ്ടി വരുന്ന അവസ്ഥയാണിന്നുള്ളത്.

കച്ചവടത്തിൽ ഏർപ്പെട്ടില്ലെങ്കിൽ നിലനിൽക്കാൻ കഴിയില്ലെന്ന ഒരു അവസ്ഥ ഇവിടെ രൂപപ്പെടുത്തിക്കൊണ്ടുവരികയാണ്. നൈസർഗ്ഗിക പ്രകൃതിക്കു പോലും നിലനിൽക്കണമെങ്കിൽ, വിലയിടേണ്ടി വരുന്ന അവസ്ഥ. ഇതുപോലെയാണ് കർഷകരുടേയും ആദിവാസികളുടേയും അവസ്ഥ.

കഴിഞ്ഞ ദശകത്തിൽ ഉയർന്നുവന്ന വലിയൊരു ചർച്ച വികസ്വരരാജ്യങ്ങളിലെ കർഷകരുടെ കാര്യക്ഷമതയെക്കുറിച്ചും അവർക്ക് നൽകി വരുന്ന സബ്സിഡിയെ കുറിച്ചുമായിരുന്നു. നമ്മുടെ നാട്ടിലെ കർഷകർ കാര്യക്ഷമമല്ലെന്നും നിരക്ഷരരായതുകൊണ്ട് ആധുനിക സാങ്കേതിക വിദ്യകളിലൂടെ കൂടുതൽ ഉൽപാദിപ്പിക്കാൻ അവർക്ക് കഴിയില്ലെന്നുമുള്ള ഒരു വാദഗതി ഇതിന്റെ ഭാഗമായി പൊങ്ങിവന്നു. ഇതിനെതിരെ ശക്തമായൊരു പ്രചാരണം ഇന്ത്യയിൽ വളർന്നിട്ടുണ്ട്. ഇന്ത്യയിലെ ചെറുകിട-നാമമാത്ര കർഷകരുടെയത്ര കഴിവ് വികസിത രാജ്യങ്ങളിലെ സമ്പന്ന കർഷകർക്കില്ലെന്നും ആ രാജ്യങ്ങൾ നൽകുന്ന സബ്സിഡിയില്ലെങ്കിൽ ഈ സമ്പന്ന കർഷകരുടെ വലുപ്പം ചീട്ടുകൊട്ടാരംപോലെ തകർന്നു പോകുമെന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ ചൂണ്ടിക്കാട്ടി.

പ്രക്ഷുബ്ധമാണ് കാർഷിക മേഖല. കർഷക ആത്മഹത്യകൾ, താങ്ങാൻ കഴിയാത്ത കൃഷിച്ചിലവ്, കൂടിവരുന്ന കടബാദ്ധ്യത, ഉൽപന്നങ്ങളുടെ വിലയിടിവ്, കുടിയിറക്കു ഭീഷണികൾ, നിരാശ, ജോലി തേടി ഗ്രാമ




ങ്ങളിൽ നിന്നുള്ള യുവാക്കളുടെ പലായനം.... ഇവയ്ക്കെല്ലാം പുറമേ ബി.ടിയെന്ന സാങ്കേതിക വിദ്യയുടെ കടന്നുവരവ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കി ബി.ടി. പരുത്തിക്ക് അനുമതി കൊടുത്ത 2002 മുതൽ കർഷക ആത്മഹത്യകൾ വർദ്ധിച്ചു. എന്നാൽ ബി.ടി. പരുത്തി വിത്ത് വില്ക്കുന്ന കമ്പനികൾ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കി. ഈ സാങ്കേതിക വിദ്യയെ മറ്റു വിളകളിലേക്ക് കൂട്ടിച്ചേർക്കാനും അതിലൂടെ കൂടുതൽ ലാഭമുണ്ടാക്കാനും മഹീന്ദ്രാ പോലുള്ള കമ്പനികൾ ശ്രമങ്ങളാരംഭിച്ചപ്പോഴാണ് രാജ്യവ്യാപകമായി വലിയൊരു മുന്നേറ്റം ഉണ്ടായത്. കർഷകർ മാത്രമല്ല, കാർഷിക വിദഗ്ധരും പരിസ്ഥിതി സ്നേഹികളും ആരോഗ്യ പ്രവർത്തകരും വിദ്യാർത്ഥികളും സന്നദ്ധ സംഘടനകളും ആത്മീയ നേതാക്കളും സിനിമാ പ്രവർത്തകരും ഒടുവിൽ പത്തോളം സംസ്ഥാന സർക്കാരുകളും ഈ മുന്നേറ്റത്തിൽ പങ്കാളികളായി. ഈ മുന്നേറ്റം (ജി.എം. രഹിത ഇന്ത്യക്കു വേണ്ടിയുള്ള കൂട്ടായ്മ) ബി.ടി. പരുത്തിക്കോ ബി.ടി വഴുതനങ്ങക്കോ എതിരേയുള്ള ഒരു മുന്നേറ്റം മാത്രമല്ല, നിലനിൽക്കുന്ന ഒരു കാർഷിക വ്യവസ്ഥ ഉണ്ടാക്കുന്നതിനും കർഷകക്ഷേമത്തിനും ഭക്ഷ്യസുരക്ഷക്കും രാജ്യത്തിന്റെ പരമാധികാരത്തിനും വേണ്ടിയുള്ള മുന്നേറ്റമായിരുന്നു ഇത്. ഈ മുന്നേറ്റത്തെ തള്ളിക്കളയാൻ എന്തായാലും കേന്ദ്രസർക്കാരിനായില്ല. മേൽപറഞ്ഞ കാര്യങ്ങൾക്കെല്ലാം ഭീഷണി ഉയർത്തി നിൽക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ബി.ടി. പരുത്തിയെന്നും വിത്ത് കമ്പനികൾ ഉണ്ടാക്കുന്ന പുതിയ വിത്തുകൾ (ബി.ടി. വഴുതനങ്ങ, ബി.ടി. നെല്ല്, ബി.ടി. തക്കാളി തുടങ്ങിയവ) വിത്തിന്റെ മേൽ കർഷകനും സർക്കാരുകൾക്കും അവകാശമില്ലാതാക്കുമെന്നും നാടിന്റെ ജൈവസമ്പത്തിനെ തന്നെ അത് തകർക്കുമെന്നുമുള്ള കാര്യം ഈ കൂട്ടായ്മ പുറത്തു കൊണ്ടുവന്നു.

ബി.ടി. വഴുതനങ്ങക്ക് അനുമതി കിട്ടിയെന്നറിഞ്ഞതോടെ പുതിയൊരു ബില്ല് തന്നെ കേന്ദ്രസർക്കാരിലെ ജൈവസാങ്കേതികവിദ്യ വകുപ്പ് മുന്നോട്ട് വച്ചു. ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ബിൽ എന്ന, ഒരു സ്വതന്ത്രരാഷ്ട്രത്തിൽ ചിന്തിക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ഒരു ബിൽ. രാജ്യത്തോട് കുറച്ചെങ്കിലും സ്നേഹമുള്ള ജനാധിപത്യത്തെ മാനിക്കുന്ന ഒരാൾക്കും ഇത്തരമൊരു ബില്ല് എഴുതാൻ കഴിയില്ല. മൂന്ന് സാങ്കേതിക വിദഗ്ധന്മാർ തീരുമാനിക്കുന്ന, വിത്തിനെക്കുറിച്ചും ഭക്ഷണത്തെ കുറിച്ചുമുള്ള കാര്യങ്ങൾ ചോദ്യം ചെയ്യാൻ വ്യക്തിക്കോ സംസ്ഥാന സർക്കാരുകൾക്കോ കഴിയാത്ത വിധത്തിലാണ് ഇതിലെ നിയമാവലി. കോടതിക്ക് വരെ ഈ തീരുമാനങ്ങളെ മാറ്റാൻ കഴിയില്ല. ഇത് വലിയ ഒച്ചപ്പാടുണ്ടാക്കിയ 20ഓളം സംസ്ഥാനങ്ങളിൽ നിന്ന് ഇതിനെതിരെ ശക്തമായ പ്രതികരണമുണ്ടായി. 2004ൽ കേന്ദ്രസർക്കാർ മുൻപോട്ട് വച്ച വിത്ത് ബില്ലിനേക്കാൾ ഭീകരമായിരുന്നു ഈ ബിൽ.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ഒരുപാട് ബില്ലുകൾ പാർലമെന്റിന്റെ അനുമതി കാത്ത് നിൽക്കുകയാണ്. മാറ്റങ്ങളോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന വിത്ത് ബില്ല്, ഭക്ഷ്യസുരക്ഷാബില്ല്, ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ബിൽ, കീടനാശിനി ബിൽ (പഴയ കീടനാശിനി നിയമത്തെ പുതുക്കിയത്), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ബിൽ എന്നിവയാണിവ. ഇവയെല്ലാം തന്നെ വൻകിടകമ്പനികളെ സഹായിക്കാൻ പോന്നവയാണ്. കർഷകർക്കും ഉപഭോക്താക്കൾക്കും പരിമിതമായ ചില ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കൃഷിയെകുറിച്ചും ഭക്ഷണത്തെക്കുറിച്ചുമുള്ള നമ്മുടെ ധാരണകൾ, അതിന്റെ ചരിത്രം, സംസ്കാരം എല്ലാം തുടച്ചുകളയാൻ ഈ നിയമങ്ങൾക്കാകും. കാലാവസ്ഥാ വ്യതിയാനം – ആഗോളതാപനം ഇവയെ എങ്ങിനെ മറികടക്കുമെന്നും എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിലനിൽക്കുന്ന ഒരു കാർഷിക മുന്നേറ്റം വളർത്തിക്കൊണ്ടു വരുവാനായി ഒരു ദേശീയതല കൂട്ടായ്മ നാഷണൽ അലയൻസ് ഫോർ സസ്ടെയ്നബിൾ അഗ്രികൾച്ചർ-ക്ക് നാഗ്പൂരിൽവെച്ച് നടന്ന ജി.എം. രഹിത കൂട്ടായ്മ രൂപം കൊടുത്തിരിക്കുകയാണ്. നിലനിൽക്കുന്ന കാർഷിക വ്യവസ്ഥയെ കുറിച്ച് ചിന്തിക്കുന്ന ശാസ്ത്രജ്ഞരും കൃഷി വിദഗ്ധരും വരെ ഈ കൂട്ടായ്മയിൽ പങ്കാളികളായിട്ടുണ്ട്.

ബന്ധങ്ങൾക്ക്:
94470227.
തണൽ, എച്ച് -3, ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം.


## പുതിയ ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്./കാസറ്റ്**
**കോപികൾക്കും പ്രദർശനത്തിനും**

കേരളീയം

**കൊക്കാലെ, തൃശൂർ – 21.**
**ഫോൺ : 9446576943, 0487 – 2421385**